REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 18-04-2025 സമയം 12.30 PM

---

## പ്രധാന വാർത്തകൾ

- യേശു ക്രിസ്തുവിന്റെ പീഡാനുഭവ സ്മരണയിൽ ക്രൈസ്തവർ ഇന്ന് ദുഃഖവെള്ളി ആചരിക്കുന്നു.
- ജമ്മു കശ്മീരിലെ തീവ്രവാദ പ്രവർത്തനങ്ങൾ ചെറുക്കുന്നതിന് CRPF പ്രത്യേക കോബ്ര ബറ്റാലിയൻ രൂപീകരിക്കും.
- വനിതാ CPO റാങ്ക് ലിസ്റ്റിന്റെ കാലാവധി നാളെ അവസാനിക്കാനിരിക്കെ 45 പേർക്ക് കൂടി അഡ്വൈസ് മെമ്മോ.
- ഷൂട്ടിംഗിനിടെ ലഹരി ഉപയോഗിച്ച നടനെതിരെ നൽകിയ പരാതി ഗൗരവമേറിയതാണെന്ന് മന്ത്രി സജി ചെറിയാൻ.
- ശബരിമല സന്നിധാനത്തെ പുതിയ ഭസ്മക്കുളത്തിന്റെ നിർമ്മാണം ഉദ്ഘാടനം ചെയ്തു.

## വാർത്തകൾ വിശദമായി

യേശു ക്രിസ്തുവിന്റെ പീഡാനുഭവ സ്മരണയിൽ ക്രൈസ്തവർ ഇന്ന് ദുഃഖവെള്ളി ആചരിക്കുന്നു. ലോകത്തിന്റെ പാപം സ്വയമേറ്റ് കുരിശുമരണം വരിച്ച യേശുദേവന്റെ ത്യാഗവും മഹത്വവും സഹനവുമാണ് ദുഃഖവെള്ളി ഓർമ്മിപ്പിക്കുന്നത്.

കാൽവരിയിലെ പീഡാസഹനവും കുരിശുമരണവും അനുസ്മരിച്ച് ദേവാലയങ്ങളിൽ ഇന്ന് തിരുകർമ്മങ്ങളും ശുശ്രൂഷകളും നടത്തി. ദു:ഖവെള്ളി ദിനത്തിൽ, കോഴിക്കോട് താമരശേരി ചുരത്തിൽ കുരിശിന്റെ വഴി നടത്തി.

✪✪✪

ദു:ഖ വെള്ളി ദിനത്തിൽ കോഴിക്കോട് താമരശേരി ചുരത്തിൽ കുരിശിന്റെ വഴി ആരംഭിച്ചു. യേശുവിന്റെ ഗാഗുൽത്താമല പീഡാനുഭവ യാത്ര അനുസ്മരിച്ച് അടിവാരം ഗദ്സമേൻ ഗ്രോട്ടോ മുതൽ ലക്കിടി മൗണ്ട് സീനായി ദേവാലയം വരെ 15 കിലോമീറ്ററാണ് യാത്ര. പീഡാനുഭവയാത്ര ലക്കിടി ദേവാലയത്തിൽ എത്തിച്ചേർന്നതിന് ശേഷം സമാപന പ്രാർത്ഥനയും, കുരിശിന്റെ തിരുശേഷിപ്പ് ആശിർവാദവും, നടക്കും.

കോഴിക്കോട് നഗരത്തിൽ മദർ ഓഫ് ഗോഡ് കത്തീഡ്രലും സെന്റ് ജോസഫ് ദേവാലയം വരെ കുരിശിന്റെ വഴി സംഘടിപ്പിച്ചു. വൈകിട്ട് ദുഖവെള്ളി തിരുക്കർമങ്ങൾ നടക്കും. കോഴിക്കോട് ആർച്ച് ബഷിപ് ഡോ. വർഗീസ് ചക്കാലക്കൽ നേതൃത്വം നൽകും. താമരശേരിയിൽ വൈകിട്ട് കുരിശിൻറെ വഴി പ്രയാണം മേരിമാതാ കത്തിഡ്രലിൽ നിന്നും ആരംഭിച്ച് ടൗണിൽ സമാപിക്കും.

തൃശൂർ ലൂർദ്ദ് മെട്രോപ്പോളിറ്റൻ കത്തീഡ്രലിൽ ദുഃഖവെള്ളി തിരുകർമ്മങ്ങൾക്ക് തൃശൂർ അതിരൂപത മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് മുഖ്യകാർമ്മികത്വം വഹിച്ചു.

✪✪✪

ദുഃഖവെള്ളി ദിനത്തിൽ യേശുക്രിസ്തുവിന്റെ ത്യാഗത്തെ പ്രധാനമന്ത്രി നരേന്ദ്ര മോദി അനുസ്മരിച്ചു. എപ്പോഴും ദയയും കരുണയും നിറഞ്ഞ വിശാലഹൃദയരായിരിക്കാൻ ഈ ദിവസം പ്രചോദിപ്പിക്കുന്നതായി പ്രധാനമന്ത്രി സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

✪✪✪

യുനെസ്കോയുടെ ലോക സ്മൃതി രജിസ്റ്ററിൽ ഗീതയും നാട്യശാസ്ത്രവും ഉൾപ്പെടുത്തിയതിനെ പ്രധാനമന്ത്രി നരേന്ദ്ര മോദി പ്രശംസിച്ചു. ഇന്ത്യയുടെ കാലാതീതമായ ജ്ഞാനത്തിനും സമ്പന്നമായ സംസ്കാരത്തിനും ലഭിച്ച ആഗോള അംഗീകാരമാണിതെന്ന് മോദി സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

നൂറ്റാണ്ടുകളായി ഗീതയും നാട്യശാസ്ത്രവും നാഗരികതയെയും അവബോധത്തെയും പരിപോഷിപ്പിച്ചിട്ടുണ്ടെന്നും അവയുടെ ഉൾക്കാഴ്ചകൾ ലോകത്തെ പ്രചോദിപ്പിച്ചുകൊണ്ടിരിക്കുകയാണെന്നും പ്രധാനമന്ത്രി കൂട്ടിച്ചേർത്തു.

✪✪✪

ജമ്മു കശ്മീരിലെ തീവ്രവാദ പ്രവർത്തനങ്ങൾ ചെറുക്കുന്നതിനായി പ്രത്യേക കോബ്ര ബറ്റാലിയൻ രൂപീകരിക്കുമെന്ന് CRPF അറിയിച്ചു.ഇന്നലെ മധ്യപ്രദേശിൽ സേനയുടെ 86-ാമത് സ്ഥാപക ദിനാഘോഷ വേളയിലാണ് ഡയറക്ടർ ജനറൽ ഗ്യാനേന്ദ്ര പ്രതാപ് സിംഗ് ഇക്കാര്യം വെളിപ്പെടുത്തിയത്. ആഭ്യന്തര മന്ത്രി അമിത് ഷായുടെ നിർദ്ദേശപ്രകാരമാണ് പുതിയ "കമാൻഡോ ബറ്റാലിയൻ ഫോർ റെസൊല്യൂട്ട് ആക്ഷൻ"- കോബ്ര രൂപീകരിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.

✪✪✪

സംസ്ഥാന ഗവൺമെന്റിന്റെ നാലാം വാർഷികാഘോഷ ത്തിന്റേയും എന്റെ കേരളം പ്രദർശന വിപണന മേളയുടേയും സംസ്ഥാന തല ഉദ്ഘാടനം അടുത്ത തിങ്കളാഴ്ച കാസർകോട് കാലിക്കടവ് മൈതാനത്ത് നടത്തും. മുഖ്യമന്ത്രി പിണറായി വിജയൻ 21ന് രാവിലെ പരിപാടികൾ ഉദ്ഘാടനം ചെയ്യും. മെയ് 30 വരെ എല്ലാ ജില്ലകളിലും മുഖ്യമന്ത്രി പങ്കെടുക്കുന്ന ജില്ലാ - മേഖലാ തല യോഗങ്ങൾ വാർഷികാഘോഷത്തിന്റെ ഭാഗമായി സംഘടിപ്പിക്കും. തിരുവനന്തപുരത്താണ് വാർഷികാഘോഷ സമാപനം.

✪✪✪

സംസ്ഥാന ഗവൺമെന്റിന്റെ നാലാം വാർഷികാഘോഷത്തോടനുബന്ധിച്ച് മുഖ്യമന്ത്രി യുവ ജനങ്ങളുമായി സംവദിക്കുന്ന 'മുഖാമുഖം' പരിപാടി മെയ് മൂന്നിന് മലബാർ ക്രിസ്ത്യൻ കോളേജ് ഗ്രൗണ്ടിൽ നടത്തും. സംസ്ഥാനത്തെ എല്ലാ ജില്ലകളിൽ നിന്നുമായി 2000ത്തിലേറെ യുവജന പ്രതിനിധികൾ പരിപാടിയിൽ പങ്കെടുക്കുമെന്ന് മന്ത്രി PA മുഹമ്മദ് റിയാസ് അറിയിച്ചു. സംസ്ഥാന വികസനത്തിൽ യുവജനങ്ങളുടെ പങ്കാളിത്തം ഉൾപ്പെടെ വിഷയങ്ങൾ പരിപാടിയിൽ ചർച്ച ചെയ്യും.

✪✪✪

വനിതാ CPO റാങ്ക് ലിസ്റ്റിന്റെ കാലാവധി നാളെ അവസാനിക്കാനിരിക്കെ 45 പേർക്ക് കൂടി അഡ്വൈസ് മെമ്മോ ലഭിച്ചു. എന്നാൽ അഡ്വൈസ് മെമോ ലഭിക്കാത്തവർ സെക്രട്ടേറിയറ്റിന് മുന്നിൽ സമരം തുടരും. സമരപ്പന്തലിൽ ഉണ്ടായിരുന്ന 3 ഉദ്യോഗാർഥികൾക്കും അഡ്വൈസ് മെമ്മോ ലഭിച്ചു.

അഡ്വൈസ് മെമ്മോ അയച്ചത് സാധാരണ നടപടിയാണെന്നും മെമ്മോ ലഭിച്ച 45ൽ 42 പേർ സമരവുമായി സഹകരിക്കാത്തവരാണെന്നും സമരം ചെയ്യുന്ന ഉദ്യോഗാർത്ഥികൾ പറഞ്ഞു.

വനിതാ CPO റാങ്ക് ഹോൾഡ്ഴ്സ് സെക്രട്ടേറിയറ്റിന് മുന്നിൽ നടത്തുന്ന സമരം 17 -ാം ദിവസത്തിലേക്ക് കടന്നു.

✪✪✪

'ഗ്രാമീണ വനിതകൾക്ക് വൈദ്യുതി സൈക്കിളിലൂടെ സുസ്ഥിര ഗതാഗതം' പദ്ധതിയുടെ സംസ്ഥാന തല ഉദ്ഘാടനം പാലക്കാട് ജില്ലയിലെ ആലത്തൂരിൽ മന്ത്രി MB രാജേഷ് അല്പസമയത്തിനകം ഉദ്ഘാടനം ചെയ്യും. പാലക്കാട്, കണ്ണൂർ ജില്ലകളിലെ 600 കുടുംബശ്രീ വനിതാ സംരംഭകർക്കാണ് പദ്ധതിയിൽ ഇ-സൈക്കിളുകൾ വിതരണം ചെയ്യുന്നത്. കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന്റെ സഹകരണത്തോടെ തദ്ദേശ സ്വയംഭരണ, ഊർജ വകുപ്പുകൾ ചേർന്നാണ് പദ്ധതി നടപ്പാക്കുന്നത്.

✪✪✪

ഷൂട്ടിംഗിനിടയിൽ ലഹരി ഉപയോഗിച്ച നടൻ മോശമായി പെരുമാറിയെന്ന നടി വിൻസി അലോഷ്യസിന്റെ പരാതി ഗൗരവമേറിയതാണെന്നും, ഗവണ്മെന്റ് അന്വേഷിക്കുമെന്നും മന്ത്രി സജി ചെറിയാൻ പറഞ്ഞു. ഇത്തരം പ്രവണതകൾ വെച്ചു പൊറുപ്പിക്കാനാവില്ല. അവർക്കെതിരെ മുഖം നോക്കാതെ നടപടിയുണ്ടാകുമെന്നും മന്ത്രി പറഞ്ഞു. പ്രതികരിക്കുകയും നിയമപരമായ പരിഹാരത്തിന് ധൈര്യപൂർവ്വം നിലപാട് സ്വീകരിക്കുകയും ചെയ്ത നടിയുടെ സമീപനം സ്വാഗതാർഹവും അഭിനന്ദനാർഹവുമാണെന്നും മന്ത്രി അറിയിച്ചു.

✪✪✪

സിനിമാസെറ്റിൽ ലഹരി ഉപയോഗിച്ചാൽ കർശന നടപടിയുണ്ടാകുമെന്ന് മന്ത്രി MB രാജേഷ് പറഞ്ഞു. നടൻ ഷൈൻ ടോം ചാക്കോയ്ക്കെതിരെ പരാതിയില്ലെങ്കിലും എക്സൈസ് അന്വേഷിക്കുമെന്നും മന്ത്രി പാലക്കാട്ട് മാധ്യമങ്ങളോട് പറഞ്ഞു.

✪✪✪

ശബരിമല സന്നിധാനത്തെ പുതിയ ഭസ്മക്കുളത്തിന്റെ നിർമ്മാണം തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡൻറ് P.S പ്രശാന്ത്,

ശബരിമല തന്ത്രി കണ്ഠര് രാജീവര് എന്നിവർ ചേർന്ന് ഉദ്ഘാടനം ചെയ്തു. ആറ് മാസത്തിനകം നിർമ്മാണം പൂർത്തിയാക്കും.

പതിനെട്ടാം പടിക്കു മുന്നിൽ വലിയ നടപ്പന്തലിന് പുറകുവശത്തായി മീനം രാശിയിലാണ് പുതിയ ഭസ്മം കുളം നിർമ്മിക്കുന്നത്. ഓരോ മിനിറ്റിലും കുളത്തിലെ ജലം ശുദ്ധീകരിക്കുന്നതിനായി അഞ്ച് ലക്ഷം ലിറ്റർ ശേഷിയോടെ വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റും സ്ഥാപിക്കും. നിലവിലെ ഭസ്മ കുളം തുടർന്നും ഭക്തർക്ക് ഉപയോഗിക്കാം.

✪✪✪

പൈങ്കുനി ഉത്രം ഉത്സവം, വിഷു, മേടമാസപൂജകൾ എന്നിവ പൂർത്തിയാക്കി ശബരിമലയിൽ ഇന്നു രാത്രി 10ന് നട അടയ്ക്കും. വൈകിട്ട് ആറിനുശേഷം തീർഥാടകരെ പമ്പയിൽ നിന്നു സന്നിധാനത്തേക്ക് മലകയറാൻ അനുവദിക്കില്ല.

✪✪✪

IPL ട്വന്റി-20 ക്രിക്കറ്റിൽ ഇന്ന് റോയൽ ചലഞ്ചേഴ്സ് ബെംഗളൂരു, പഞ്ചാബ് കിംഗ്സിനെ നേരിടും. ബെംഗളൂരു M.ചിന്നസ്വാമി സ്റ്റേഡിയത്തിൽ വൈകിട്ട് ഏഴരയ്ക്കാണ് മത്സരം.

✪✪✪

KPL ഫുട്ബോളിൽ ഇന്ന് മുത്തൂറ്റ് FAയും, FC കേരളയും ഏറ്റുമുട്ടും. കുന്നംകുളത്ത് വൈകിട്ട് നാലിനാണ് മത്സരം.

✪✪✪

NCC ഡയറക്ടർ ജനറൽ ഗുർബീർ പാൽസിംഗ് അഞ്ച് ദിവസത്തെ കേരള സന്ദർശനത്തിന് ഇന്നെത്തും. നാളെ കണ്ണൂർ DSC കേന്ദ്രത്തിൽ NCC കേഡറ്റുകളുമായും ഓഫീസർമാരുമായും അദ്ദേഹം സംവദിക്കും. തുടർന്ന് കണ്ണൂരിലെ NCC 31 കേരള ബറ്റാലിയൻ ആസ്ഥാനം അദ്ദേഹം സന്ദർശിക്കും. അടുത്ത ബുധനാഴ്ച തിരുവനന്തപുരത്ത് മുഖ്യമന്ത്രി പിണറായി വിജയനുമായും അദ്ദേഹം കൂടിക്കാഴ്ച നടത്തും.

✪✪✪

പൊതു ഭരണത്തിലെ മികവിന് പ്രധാനമന്ത്രിയുടെ പുരസ്കാരത്തിന് കാസർകോട് പരപ്പ ബ്ലോക്ക് അർഹമായി.

സിവിൽ സർവീസ് ദിനമായ ഏപ്രിൽ 21ന് ന്യൂഡൽഹിയിൽ ജില്ലാ കലക്ടർ K ഇമ്പശേഖരൻ പുരസ്കാരം ഏറ്റുവാങ്ങും.

✪✪✪

**ആശാവർക്കർമാരുടെ രാപ്പകൽസമരം 68-ാം ദിവസത്തിലേക്ക് കടന്നു. നിരാഹാര സമരം ഇന്ന് 30-ാം ദിവസത്തിലേക്കും പ്രവേശിച്ചു.**

✪✪✪

**സംസ്ഥാനത്ത് തിങ്കളാഴ്ച വരെ ചിലയിടങ്ങളിൽ ഇടിമിന്നലോടുകൂടിയ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ശക്തമായ കാറ്റിന് സാധ്യതയുണ്ടെന്നും മുന്നറിയിപ്പുണ്ട്.**

✪✪✪

**BJP കോഴിക്കോട് സിറ്റി, റൂറൽ, നോർത്ത് ജില്ലകളിൽ സഹഭാരവാഹികളെ പ്രഖ്യാപിച്ചു. കോഴിക്കോട് സിറ്റിയിൽ T.V ഉണ്ണികൃഷ്ണൻ, സുരേഷ് M, രമ്യ മുരളി എന്നിവരാണ് ജനറൽ സെക്രട്ടറിമാർ.**

**റൂറൽ ജില്ലയിൽ K.രജിനേഷ് ബാബു, ഗിരീഷ് തേവള്ളി, NP രാംദാസ് എന്നിവർ ജനറൽ സെക്രട്ടറിമാരാണ്. നോർത്തിൽ K.ദിലീപ്, ജയക്കിഷ് SR, P.P മുരളി എന്നിവരാണ് ജനറൽ സെകട്ടറിമാർ.**

✪✪✪

**ഈസ്റ്റർ തിരക്ക് പരിഗണിച്ച് സംസ്ഥാനത്തെ 10 ട്രെയിൻ സർവീസുകളിൽ അധികകോച്ച് ഉൾപ്പെടുത്തിയതായി റെയിൽവേ അറിയിച്ചു. കോഴിക്കോട്-തിരുവനന്തപുരം ജനശതാബ്ദി, കാരയ്ക്കൽ - എറണാകുളം, അമൃത, മാവേലി, മലബാർ ട്രെയിനുകളിലാണ് തിങ്കളാഴ്ച വരെ അധികമായി കോച്ചുകൾ ഉൾപ്പെടുത്തിയത്.**

✪✪✪

**കൊച്ചിയിൽ അഞ്ച് കിലോ കഞ്ചാവുമായി രണ്ട് പേർ ഡാൻസാഫിന്റെ പിടിയിലായി. കുണ്ടന്നൂർ സ്വദേശി സച്ചിൻ, ഒഡിഷ സ്വദേശി ദുര്യോധന മാലിക് എന്നിവരാണ് കസ്റ്റഡിയിലായത്.**

✪✪✪

**എറണാകുളം കളമശ്ശേരി മെഡിക്കൽ കോളേജിൽ 12 അതിഥി തൊഴിലാളികളെ ഭക്ഷ്യവിഷബാധയെ തുടർന്ന് അത്യാഹിത വിഭാഗത്തിൽ പ്രവേശിപ്പിച്ചു. എല്ലാവരുടെയും ആരോഗ്യനില തൃപ്തികരമാണെന്ന് ഡോക്ടർമാർ അറിയിച്ചു.**

✪✪✪

തലശ്ശേരി ലോഗൻസ് റോഡ് കോൺക്രീറ്റ് പ്രവൃത്തി നടക്കുന്നതിനാൽ നാളെ മുതൽ തലശ്ശേരി നഗരത്തിൽ ഗതാഗത ക്രമീകരണം ഏർപ്പെടുത്തി. കോഴിക്കോട്, വടകര ഭാഗത്തുനിന്നും വരുന്ന ബസ്സുകൾ സെയ്താർ പള്ളി റോഡ് വഴി പുതിയ ബസ് സ്റ്റാൻഡിൽ പ്രവേശിക്കണം. തലശ്ശേരിയിൽ നിന്ന് കോഴിക്കോട് ഭാഗത്തേക്ക് പോകുന്ന ബസ്സുകൾ NCC റോഡ് വഴി ആണ് പോകേണ്ടത്.

✪✪✪

വിനോദ സഞ്ചാരികൾക്കായി കുട്ടനാട്ടിൽ കുടുംബശ്രീ ഒരുക്കിയ ജലകായിക വിനോദ പരിപാടി ശ്രദ്ധേയമാകുന്നു. നീലം പേരൂരിലെ വാലടിയിലാണ് ഈ ജല കായിക വിനോദം ഒരുക്കിയിട്ടുള്ളത്. പ്രളയത്തിൽ തകർന്നു പോയ പ്രദേശത്തിന് പുതിയ രൂപങ്ങളും ഭാവങ്ങളും നൽകി വിനോദ സഞ്ചാര കേന്ദ്രമാക്കി മാറ്റിയത് കുടുംബശ്രീ പ്രവർത്തകരാണ്.

✪✪✪

---

*News Reader: നിഷിത കുമാരി*
*News Team: അനിൽ ചന്ദ്രൻ, നിമിഷ,*
*DEO: ഷീബ*